**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് പിടികൂടുന്ന വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസ്സുകളിൽ പോലീസ് പിടികൂടുന്ന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്നത് പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതികൾ ഉയർന്നു വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പോലീസ് പിടികൂടുന്ന വാഹനങ്ങൾ റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്നതുമൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകളും ഇതേക്കുറിച്ചുള്ള പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് പിടിച്ചെടുക്കുന്നതും കേസിലു ൾപ്പെട്ടതുമായ വാഹനങ്ങൾ എപ്ര കാരമാണ് കൈകാര്യം ചെയ്യേണ്ട തെന്നത് സംബന്ധിച്ച് IPC, CrPC, Kerala Police Act, Kerala Protection of River Bank and Regulation of Removal of Sand Actഉം Rules-ഉം, Abkari Act, Motor Vehicles Act, Kerala Escheats and Forfeitures Act, Essential Commodities Act എന്നിങ്ങനെ നിയമങ്ങളിൽ പ്രത്യേക വ്യവസ്ഥ കളുണ്ട്. ഇപ്രകാരം പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ കേസിലുൾപ്പെട്ടവ, പ്രത്യേക നിയമങ്ങൾ പ്രകാരം കുറ്റകരമാക്കപ്പെട്ട പ്രവർത്തിയുടെ ഭാഗമായി പിടിച്ചെടുത്തവ, റോഡ് അപകടത്തിൽപ്പെട്ടവ, അവകാശി കളില്ലാതെ ഉപേക്ഷിച്ചവ, അവകാശ ത്തർക്കം നിലനിൽക്കുന്നവ എന്നി ങ്ങനെ പ്രത്യേകം വിഭാഗങ്ങളുണ്ട്. ഡോ. കെ.എ.സീതി മുതൽ പേർ ഫയൽ ചെയ്ത WP(C) No.24734/17, 25102/17, 35252/17 എന്നീ പൊതുതാൽപ്പര്യ ഹർജികളിലെ ബഹു. ഹൈക്കോടതിയുടെ 06-07-2018-ലെ ഉത്തരവിലെ നിർദ്ദേശം കണക്കിലെടുത്ത്, വിവിധ കേസുകളിൽപ്പെട്ട് കോടതി ഉത്തരവ് പ്രകാരവും കൂടാതെ അന്വേഷണ ത്തിന്റെ ഭാഗമായും കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 11-09-18ലെ GO(P)60/2018/Home നമ്പർ സർക്കാർ ഉത്തരവിലൂടെ പുറപ്പെടു വിച്ചിട്ടുണ്ട്. പെറ്റി കേസുകളിൽപ്പെട്ട വാഹ നങ്ങൾ സംബന്ധിച്ച നടപടികൾക്ക് സംസ്ഥാന പോലീസ് മേധാവിയുടെ |

| | | | |
|---|---|---|---|
| | | | 31-01-2017-ലെ 07/2017 നമ്പർ പ്രകാരമുള്ള സർക്കുലറും നിലവിലുണ്ട്. കോടതി ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ കിടക്കുന്ന ക്രൈം കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കോടതി ഉത്തര വുണ്ടായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയൂ എന്നതി നാൽ ഇതിനാവശ്യമായ അപേക്ഷ കൾ ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികൾക്ക് മുമ്പാകെ സമർപ്പിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത 29-07-2021-ലെ ഉന്നതതല യോഗ ത്തിൽ പോലീസിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവി ലുള്ള വാഹനങ്ങൾ സംബന്ധിച്ച ലിസ്റ്റുകൾ തയ്യാറാക്കുവാനും വാഹനങ്ങൾ ലേലം ചെയ്യാൻ എൻ.ഐ.സി.യുടെ സൈറ്റിലുള്ള ഇ-ഓക്ഷൻ പ്ലാറ്റ്ഫോം ഉപയോഗ പ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ; | (ബി) | പോലീസ് പിടികൂടുന്ന വാഹനങ്ങൾ റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്നതുമൂലം പൊതുജനങ്ങൾ ക്കുള്ള ബുദ്ധിമുട്ടുകളും ഇതേക്കുറിച്ചുള്ള പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് പിടിച്ചെടുക്കുന്നതും കേസിലു ൾപ്പെട്ടതുമായ വാഹനങ്ങൾ എപ്ര കാരമാണ് കൈകാര്യം ചെയ്യേണ്ട തെന്നത് സംബന്ധിച്ച് IPC, CrPC, Kerala Police Act, Kerala Protection of River Bank and Regulation of Removal of Sand Actഉം Rules-ഉം, Abkari Act, Motor Vehicles Act, Kerala Escheats and Forfeitures Act, Essential Commodities Act എന്നിങ്ങനെ നിയമങ്ങളിൽ പ്രത്യേക വ്യവസ്ഥ കളുണ്ട്. ഇപ്രകാരം പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ കേസിലുൾപ്പെട്ടവ, പ്രത്യേക നിയമങ്ങൾ പ്രകാരം കുറ്റകരമാക്കപ്പെട്ട പ്രവർത്തിയുടെ ഭാഗമായി പിടിച്ചെടുത്തവ, റോഡ് അപകടത്തിൽപ്പെട്ടവ, അവകാശി കളില്ലാതെ ഉപേക്ഷിച്ചവ, അവകാശ ത്തർക്കം നിലനിൽക്കുന്നവ എന്നി ങ്ങനെ പ്രത്യേകം വിഭാഗങ്ങളുണ്ട്. ഡോ. കെ.എ.സീതി മുതൽ പേർ ഫയൽ ചെയ്ത WP(C) No.24734/17, 25102/17, 35252/17 എന്നീ പൊതുതാൽപ്പര്യ ഹർജികളിലെ ബഹു. ഹൈക്കോടതിയുടെ 06-07-2018-ലെ ഉത്തരവിലെ നിർദ്ദേശം കണക്കിലെടുത്ത്, വിവിധ കേസുകളിൽപ്പെട്ട് കോടതി ഉത്തരവ് പ്രകാരവും കൂടാതെ അന്വേഷണ ത്തിന്റെ ഭാഗമായും കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ തീർപ്പാക്കു ന്നതിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 11-09-18ലെ GO(P)60/2018/Home നമ്പർ സർക്കാർ ഉത്തരവിലൂടെ പുറപ്പെടു വിച്ചിട്ടുണ്ട്. പെറ്റി |

| | | | |
|---|---|---|---|
| | | | കേസുകളിൽപ്പെട്ട വാഹ നങ്ങൾ സംബന്ധിച്ച നടപടികൾക്ക് സംസ്ഥാന പോലീസ് മേധാവിയുടെ 31-01-2017-ലെ 07/2017 നമ്പർ പ്രകാരമുള്ള സർക്കുലറും നിലവിലുണ്ട്. കോടതി ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ കിടക്കുന്ന ക്രൈം കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കോടതി ഉത്തര വുണ്ടായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയൂ എന്നതി നാൽ ഇതിനാവശ്യമായ അപേക്ഷ കൾ ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികൾക്ക് മുമ്പാകെ സമർപ്പിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത 29-07-2021-ലെ ഉന്നതതല യോഗ ത്തിൽ പോലീസിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവി ലുള്ള വാഹനങ്ങൾ സംബന്ധിച്ച ലിസ്റ്റുകൾ തയ്യാറാക്കുവാനും വാഹനങ്ങൾ ലേലം ചെയ്യാൻ എൻ.ഐ.സി.യുടെ സൈറ്റിലുള്ള ഇ-ഓക്ഷൻ പ്ലാറ്റ്ഫോം ഉപയോഗ പ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | വാഹനങ്ങൾ വിട്ടു നൽകുന്നതിന് നിയമപ്രശ്നം ഉള്ള പക്ഷം വേറെ സ്ഥലം കണ്ടെത്തി അവിടേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ? | (സി) | വാഹനങ്ങൾ വിട്ടു നൽകുന്നതിന് നിയമപ്രശ്നം ഉള്ള പക്ഷം ഇത്തരം വാഹനങ്ങൾ യാത്രക്കാർക്കും മറ്റ് വാഹനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത വിധം സൗകര്യപ്രദമായ സ്ഥല ത്തേക്ക് മാറ്റുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ